**11/10/2018 ന് എറണാകുളം ജില്ലയിൽ വച്ച് നടന്ന തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലെ ഓഡിറ്റ് വിഭാഗം സൂപ്രണ്ടുമാരുടെയും ലേസെക്രട്ടറി & ട്രഷറർമാരുടെയും മേഖലാ ഓഡിറ്റ് അവലോകന യോഗത്തിന്റെ മിനിട്സ്**

യോഗം എറണാകുളം ജനറൽ ആശുപത്രിയിലെ കോൺഫറൻസ് ഹാളിൽ വച്ചാണ് സംഘടിപ്പിച്ചത്. സംസ്ഥാനതല ഓഡിറ്റ് മോണിട്ടറിംഗ് കമ്മിറ്റി യോഗങ്ങളിലെ നിരന്തരമായ ആവശ്യപ്രകാരം ഓഡിറ്റ് തടസ്സവാദങ്ങളിൽ ഫലപ്രദമായ ഇടപെടൽ നടത്തി പരമാവധി തടസ്സവാദങ്ങളും ബാധ്യതകളും കുറയ്ക്കുന്നതിന് താലൂക്ക് ആശുപത്രി തലം മുതൽ ഉള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ലേ സെക്രട്ടറി & ട്രഷറർമാരുടെ പങ്കാളിത്തം ഉറപ്പു വരുത്തിയാണ് തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളെ ഉൾപ്പെടുത്തി (മേഖല I) ഓഡിറ്റ് അവലോകന യോഗം നടത്താൻ തീരുമാനിച്ചത്. ആരോഗ്യവകുപ്പ് സീനിയർ ഫിനാൻസ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ യോഗം രാവിലെ 10.30 ന് ആരംഭിച്ചു.

**യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ**

| ക്രമം | പേര് | തസ്തിക | കാര്യാലയം |
|---|---|---|---|
| 1. | ശ്രീ.ബിമൽലാൽ.റ്റി.എസ് | സീനിയർ ഫിനാൻസ് ഓഫീസർ | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 2. | അശോക് കുമാർ.സി | സീനിയർ സൂപ്രണ്ട് | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 3. | കെ.പി.സതീഷ്കുമാർ | സീനിയർ സൂപ്രണ്ട് (ആഡിറ്റ്) | ജില്ലാ മെഡിക്കൽ ആഫീസ്, തിരുവനന്തപുരം |
| 4. | ബി.സുരേഷ് | ലേ സെക്രട്ടറി & ട്രഷറർ | മെന്റൽ ഹെൽത്ത് സെന്റർ, പേരൂർക്കട |
| 5. | കെ.മുരളി ഷെട്ടി | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ആശുപത്രി, ഫോർട്ട് തിരുവനന്തപുരം |
| 6. | പി.എസ്.രാമഭദ്രൻ | ലേ സെക്രട്ടറി & ട്രഷറർ | ജില്ലാ ആശുപത്രി, നെടുമങ്ങാട് |
| 7. | ജോൺ സാമുവൽ | ലേ സെക്രട്ടറി & ട്രഷറർ | ജില്ലാ മോഡൽ ആശുപത്രി, പേരൂർക്കട |
| 8. | നിഷാം റഹ്മാൻ | ക്ലാർക്ക് | ജില്ലാ മോഡൽ ആശുപത്രി, പേരൂർക്കട |
| 9. | ഷാജൻ.ആർ | സീനിയർ ക്ലാർക്ക് | ജില്ലാ മെഡിക്കൽ ആഫീസ്, തിരുവനന്തപുരം. |
| 10. | ശരത്.പി.ആർ | ക്ലാർക്ക് | ജനറൽ ആശുപത്രി, തിരുവനന്തപുരം |
| 11. | കെ.എസ്.രാജീവ് | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ആശുപത്രി, വർക്കല |
| 12. | ഗോപകുമാരൻ.നായർ.ആർ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പാറശ്ശാല |
| 13. | റാണി.എൻ.ആർ | ലേ സെക്രട്ടറി & ട്രഷറർ | ചെസ്റ്റ് ഡിസീസസ്സ് ആശുപത്രി, പുലയനാർകോട്ട |
| 14. | ലതാകുമാരി.ജി.വി | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, നെയ്യാറ്റിൻകര |
| 15. | ഏലിയാമ്മ.കെ.ജെ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ് |

E03502

GOVERNMENT OF KERALA 2017-18

| | | | |
|---|---|---|---|
| 16. | സുരേഷ്കുമാർ.പി. | സീനിയർ ക്ലാർക്ക് | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 17. | അൻസാർ.എ | സീനിയർ ക്ലാർക്ക് | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 18. | ദീപ.കെ.വി | ക്ലാർക്ക് | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 19. | അമൽനാഥ്.വി.എസ് | ക്ലാർക്ക് | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 20. | സുനിൽകുമാർ.വി | സീനിയർ ക്ലാർക്ക് | ജില്ലാ മെഡിക്കൽ ആഫീസ്, കൊല്ലം |
| 21. | എസ്.എൽ.സലീൽ | സീനിയർ ക്ലാർക്ക് | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കൊട്ടാരക്കര |
| 22. | ബിനേഷ്.ബി.ബി | സീനിയർ ക്ലാർക്ക് | ഗവൺമെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം |
| 23. | ജോസ്.ആർ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പുനലൂർ |
| 24. | ഷാജി.എസ് | ലേ സെക്രട്ടറി & ട്രഷറർ | ജില്ലാ ആശുപത്രി, കൊല്ലം |
| 25. | കെ.സാബു | | ജില്ലാ മെഡിക്കൽ ആഫീസ്, കൊല്ലം |
| 26. | ബാജിമോഹൻ.എസ് | ലേ സെക്രട്ടറി & ട്രഷറർ | ജില്ലാ മെഡിക്കൽ ആഫീസ്, കൊല്ലം |
| 27. | ഉണ്ണികൃഷ്ണൻ | ക്ലാർക്ക് | ജില്ലാ മെഡിക്കൽ ആഫീസ്, കൊല്ലം |
| 28. | റ്റി.ഡി.സുരേഷ് | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കോന്നി, പത്തനംതിട്ട |
| 29. | സാമുവൻ.പി.ജി | ജൂനിയർ സൂപ്രണ്ട് | ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട |
| 30. | ബിജി.സി.മാത്യു | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, തിരുവല്ല, പത്തനംതിട്ട |
| 31. | എം.ജി.സെബാസ്റ്റ്യൻ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, തിരുവല്ല, പത്തനംതിട്ട |
| 32. | ഉണ്ണികൃഷ്ണപിള്ള.റ്റി.കെ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, മല്ലപ്പള്ളി, പത്തനംതിട്ട |
| 33. | പ്രസാദ്.വി | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, റാന്നി, പത്തനംതിട്ട |
| 34. | റ്റി.കെ.രാജു | ഹെഡ് ക്ലാർക്ക് | ജില്ലാ മെഡിക്കൽ ആഫീസ്, പത്തനംതിട്ട |
| 35. | കെ.സുനീഷ്കുമാർ | സീനിയർ ക്ലാർക്ക് | ജില്ലാ മെഡിക്കൽ ആഫീസ്, പത്തനംതിട്ട |
| 36. | സൊബേഴ്സ്.വി.എസ് | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, അടൂർ |
| 37. | എം.ജി.വിജയകുമാർ | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, പത്തനംതിട്ട |

03504

| | | | |
|---|---|---|---|
| 38. | രേഖ.എസ് | സീനിയർ സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ആഫീസ്, ആലപ്പുഴ |
| 39. | സിറാസ്.കെ | ഹെഡ് ക്ലാർക്ക് | ഡബ്ല്യൂ & സി ഹോസ്പിറ്റൽ, ആലപ്പുഴ |
| 40. | ജോൺ ഫിലിപ്പ്.പി. | സീനിയർ സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ഓഫീസ്, ആലപ്പുഴ |
| 41. | എൻ.ബി.സതീഷ് ബാബു | | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പുളിൻകുന്ന്, ആലപ്പുഴ |
| 42. | സി.എ.അശോക് കുമാർ | | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചേർത്തല, ആലപ്പുഴ |
| 43. | ഗീതമ്മ.റ്റി.സി | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, ആലപ്പുഴ |
| 44. | പ്രസാദ്.എസ് | | ജില്ലാ ആശുപത്രി, മാവേലിക്കര, ആലപ്പുഴ |
| 45. | സി.ഓമനക്കുട്ടൻ | | ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ |
| 46. | മായ.കെ.എസ്, | ഹെഡ് ക്ലാർക്ക് | ലെപ്രസി സാനട്ടോറിയം, നൂറനാട്, ആലപ്പുഴ |
| 47. | ബിന്ദു.കെ.എസ് | | ജനറൽ ആശുപത്രി, കായംകുളം, ആലപ്പുഴ |
| 48. | എ.ശിവൻപിള്ള | | ജനറൽ ആശുപത്രി, ഹരിപ്പാട്, ആലപ്പുഴ |
| 49. | ബി.ചിത്തരഞ്ചൻ | സീനിയർ ക്ലാർക്ക് | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പീരുമേട്, ഇടുക്കി |
| 50. | ജഫേഴ്സൺ ജോഷ്വാ | സിനിയർ ക്ലാർക്ക് | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, അടിമാലി, ഇടുക്കി |
| 51. | ജോൺ.എം.റ്റി | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, നെടുംകണ്ടം, ഇടുക്കി |
| 52. | സജികുമാർ.പി | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹോസ്പിറ്റൽ, കട്ടപ്പന, ഇടുക്കി |
| 53. | റ്റൈറ്റസ്.ബി | ക്ലാർക്ക് | ജില്ലാ മെഡിക്കൽ ഓഫീസ്, ഇടുക്കി |
| 54. | പി.എം.റാഫേൽ | ക്ലാർക്ക് | ജില്ലാ മെഡിക്കൽ ഓഫീസ്, ഇടുക്കി |
| 55. | റജി മാത്യൂ | സീനിയർ സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ഓഫീസ്, തൊടുപുഴ, ഇടുക്കി |
| 56. | വി.എൻ.ഹരിഹരൻ | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, പാല, കോട്ടയം |
| 57. | ബാബുരാജ് | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി, കോട്ടയം |

| | | | |
|---|---|---|---|
| 58. | ജോജിമോൻ.കെ.ജെ | | ജനറൽ ആശുപത്രി, പാല, കോട്ടയം |
| 59. | ഹരിലാൽ.ബി | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പാമ്പാടി, കോട്ടയം |
| 60. | എം.ഒ.അഗസ്റ്റ്യൻ | ലേ സെക്രട്ടറി & ട്രഷറർ | കെ.ആർ.എൻ.എം.എസ് ഹോസ്പിറ്റൽ, ഉഴവൂർ, കോട്ടയം |
| 61. | റജി മാത്യു | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, വൈക്കം, കോട്ടയം |
| 62. | എൻ.പ്രതിഭ | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, കോട്ടയം |
| 63. | എ.സതീഷ്കുമാർ | ഹെഡ് ക്ലാർക്ക് | ജനറൽ ആശുപത്രി, കോട്ടയം |
| 64. | ഷാന.എം.ഹക്കിം | ഹെഡ് ക്ലാർക്ക് | ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി, കോട്ടയം |
| 65. | ദിലീപ്കുമാർ.പി.എസ് | സീനിയർ ക്ലാർക്ക് | ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി, കോട്ടയം |
| 66. | പി.എസ്.രമേശ് ബാബു | സീനിയർ സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ആഫീസ്, കോട്ടയം |
| 67. | ശശ്ശാങ്കൻ.സി.റ്റി | | ജില്ലാ മെഡിക്കൽ ആഫീസ്, കോട്ടയം |
| 68. | എൽസമ്മ ജോർജ്ജ് | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി, കോട്ടയം |
| 69. | എം.ഡി.തങ്കമ്മ. | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | ജില്ലാ മെഡിക്കൽ ഓഫീസ്, എറണാകുളം |
| 70. | അജിത.റ്റി.ദിവാകരൻ | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം |
| 71. | വർഗ്ഗീസ് കുര്യൻ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, നോർത്ത് പറവൂർ, എറണാകുളം |
| 72. | രജീഷ്.ജെ | സീനിയർ ക്ലാർക്ക് | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പെരുമ്പാവൂർ, എറണാകുളം |
| 73. | വി.എം.ശ്രീനിവാസൻ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പെരുമ്പാവൂർ, എറണാകുളം |
| 74. | സുരേഷ് ബാബു | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, തൃപ്പൂണിത്തുറ, എറണാകുളം |
| 75. | ദേവദാസ്.കെ | ലേ സെക്രട്ടറി & ട്രഷറർ | ജില്ലാ ആശുപത്രി, ആലുവ, എറണാകുളം |
| 76. | ബി.ശ്രീകുമാർ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹോസ്പിറ്റൽ, കോതമംഗലം, എറണാകുളം |
| 77. | മുഹമ്മദ് റഫീക്.പി.എം | സീനിയർ ക്ലാർക്ക് | ഡബ്ല്യൂ & സി ഹോസ്പിറ്റൽ, മട്ടാഞ്ചേരി, എറണാകുളം |
| 78. | നന്ദിനി.കെ.നായർ | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, എറണാകുളം |
| 79. | സുജാത.കെ.ആർ | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, എറണാകുളം |

603508

GOVERNMENT OF KERALA 2017-18

| | | | |
|---|---|---|---|
| 80. | ഷീല.എസ് | ലേ സെക്രട്ടറി & ട്രഷറർ | ഗവൺമെന്റ് മഹാരാജാസ് ഹോസ്പിറ്റൽ, കരുവേലിപ്പടി, എറണാകുളം |
| 81. | വേണുഗോപാൽ | ജൂനിയർ സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ആഫീസ്, എറണാകുളം |
| 82. | ബിന്ദു.എസ് | ഹെഡ് ക്ലാർക്ക് | ജില്ലാ മെഡിക്കൽ ആഫീസ്, എറണാകുളം |
| 83. | ജയശ്രീ | സീനിയർ ക്ലാർക്ക് | ജില്ലാ മെഡിക്കൽ ആഫീസ്, എറണാകുളം |
| 84. | കെ.എം.സെബാസ്റ്റ്യൻ | ലേ സെക്രട്ടറി & ട്രഷറർ | ഡബ്ല്യു & സി ഹോസ്പിറ്റൽ, മട്ടാഞ്ചേരി, എറണാകുളം |

പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീമതി.എം.പി.തങ്കമ്മ സ്വാഗതം ആശംസിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എൻ.കെ.കുട്ടപ്പൻ യോഗം ഉദ്ഘാടനം ചെയ്തു. ഓഡിറ്റ് എന്ന് കേൾക്കുമ്പോൾ എല്ലാപേർക്കും ഭയമാണെന്നും ആയതിന് യാതൊരടിസ്ഥാനവുമില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സർക്കാർ അനുവദിക്കുന്ന പണം വിനിയോഗിക്കുമ്പോൾ ആയതിന് നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മാത്രം വിനിയോഗിച്ചാൽ ഓഡിറ്റ് തടസ്സവാദങ്ങൾ ഒഴിവാക്കാൻ കഴിയുമെന്നും പൊതുതാൽപര്യത്തിന്റെ അടിസ്ഥാനത്തിൽ വരാവുന്ന ചെറിയ അപാകതകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ ബാധ്യതകൾ വരില്ല എന്നും അറിയിച്ചു. അദാലത്തുകൾ നടത്തി വലിയ തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് നടപടി കൈകൊള്ളാൻ അദ്ദേഹം അഭ്യർത്ഥിച്ചു. എറണാകുളം ജില്ലയിൽ നടത്തിയ ഓഡിറ്റ് അദാലത്തിൽ ജില്ലയ്ക്കകത്തുള്ള അനേകം തടസ്സവാദങ്ങൾക്ക് തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞതായും മറ്റുള്ളവയ്ക്ക് മറുപടികൾ തയ്യാറാക്കാൻ കഴിഞ്ഞതായും അതൊരു വിജയമാണെന്നും അഭിപ്രായപ്പെട്ടു. ലേ സെക്രട്ടറി & ട്രഷറർമാർക്ക് ലഭിച്ച ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ അദ്ദേഹം യോഗം ഉത്ഘാടനം ചെയ്തതായി അറിയിച്ചു.

സീനിയർ ഫിനാൻസ് ഓഫീസറുടെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഈ യോഗത്തിന്റെ പ്രാധാന്യം അദ്ദേഹം വിവരിച്ചു. സംസ്ഥാന തലത്തിലെ എ.എം.സി -യിലെ നിരന്തരമായ ആവശ്യപ്രകാരമാണ് ഇത്തരത്തിൽ ഒരു യോഗം മേഖലാടിസ്ഥാനത്തിൽ നടത്തുന്നതെന്നും ഒരു സ്ഥാപനത്തിലെ ചിട്ടയായ പ്രവർത്തനത്തിന് ഓഡിറ്റ് തടസ്സവാദങ്ങൾ പരമാവധി കുറഞ്ഞിരിക്കുന്നത് സഹായകരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഓഡിറ്റ് തടസ്സവാദങ്ങൾക്ക് അനവധി മറുപടികൾ ലഭിക്കുന്നുണ്ടെങ്കിലും അതിന് ആനുപാതികമായി തീർപ്പ് കൽപ്പിക്കാൻ കഴിയുന്നില്ല എന്നതൊരു വസ്തുതയാണ്. തൃപ്തികരവും പൂർണ്ണവുമായ രേഖകളുടെ പകർപ്പുകളുടെ അഭാവുമാണ് ഇതിന് കാരണം. ഓഡിറ്റിനെ ലാഘവബുദ്ധിയോടെ കാണാൻ പാടില്ല. ലേ സെക്രട്ടറി & ട്രഷറർമാർ സമയോജിതമായി ഓഡിറ്റ് ഫയലുകളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം എന്നും ആശുപത്രിയിലെ ജീവനക്കാരുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന് അവർ നേതൃത്വം നൽകണം എന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇത്തരം ഒരു അവലോകനയോഗത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി ലേ സെക്രട്ടറിമാർ അവരവരുടെ സ്ഥാപനത്തിലെ ഓഡിറ്റ് ഫയലുകളിൽ സത്വര നടപടികൾ കൈകൊണ്ട് പരമാവധി

603510

തീർപ്പാക്കാൻ ശ്രമിക്കണമെന്നും പ്രസ്തുത ശ്രമത്തിന് ആരോഗ്യവകുപ്പ് പരിപൂർണ്ണ പിന്തുണ നൽകുമെന്നും അദ്ദേഹം ഉറപ്പു നൽകി.

യോഗത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീ.അശോക് കുമാർ.സി വിവരിച്ചു. എ.എം.സി - യിലെ നിർദ്ദേശം ഗുണകരമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിലാണ് ലേ സെക്രട്ടറിമാരെ ഉൾപ്പെടുത്തി മേഖലാടിസ്ഥാനത്തിൽ അവലോകനയോഗങ്ങൾ നടത്താൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് ഡയറക്ടർ അനുമതി നൽകിയതെന്നും അത് അനുസരിച്ചുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ ലേ സെക്രട്ടറി & ട്രഷറർമാർ തയ്യാറാകണമന്നും അദ്ദേഹം അറിയിച്ചു. എച്ച്.എം.സി, ആർ.എസ്.ബി.വൈ, എൻ.എച്ച്.എം മുതലായ പദ്ധതികളിൽ ലേ സെക്രട്ടറി & ട്രെഷറർമാർക്ക് ഉത്തരവാദിത്വം ഇല്ല എന്ന പോലെയാണ് പലരും പ്രവർത്തിക്കുന്നത് എന്ന കാര്യം ബഹുമാനപ്പെട്ട ഡി.എച്ച്.എസ് - ന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും അവർ അവരുടെ Delegation of Power - നെ കുറിച്ച് അജ്ഞത നടിക്കാൻ പാടില്ലെന്നും അഭിപ്രായപ്പെട്ടുകൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു.

- എച്ച്.എം.സിയുടെ കാര്യത്തിൽ മദ്ധ്യനിരയിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടം കുറവാണ്. അത് അപാകതകൾക്ക് കാരണമാവുന്നു. ആയതിനാൽ തടസ്സവാദങ്ങളെ ക്ഷണിച്ചുവരുത്തുന്നതിന് ഇടവരുന്നു. ആയതിനാൽ middle level supervision കാര്യക്ഷമമാക്കണം. എല്ലാ പർച്ചയിസ് ഫയലുകളും ലേ സെക്രട്ടറി & ട്രെഷറർമാർ കാണേണ്ടതാണ്.
- Stores Purchase Rules അനുസരിച്ച് മാത്രമേ നിർമ്മാണ പ്രവർത്തികളും വാങ്ങൽ പ്രക്രിയകളും നടത്താവൂ. ഫയൽ സംവിധാനത്തിലൂടെ മാത്രമേ ഇത്തരം തുക വിനിയോഗിക്കാവൂ. കുറിപ്പ് ഫയലിൽ ഉത്തരവ് എടുത്ത് തന്നെ വാങ്ങൽ / നിർമ്മാണ പ്രവർത്തികൾ നടത്താവൂ.
- നടപടിക്രമങ്ങളിൽ സുതാര്യത അനിവാര്യമാണ്. ചിലത് സമയബന്ധിതമായി ചെയ്യേണ്ടി വരും. നടപടിക്രമങ്ങൾ പാലിക്കാൻ സാവകാശം കിട്ടാത്ത സാഹചര്യങ്ങളിൽ ഫയലിൽ രേഖപ്പെടുത്തി ഉത്തരവ് വാങ്ങി തുക വിനിയോഗ പരിധിക്കുള്ളിൽ നിന്ന് ചെയ്താൽ ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ ആ രേഖകളിലൂടെ കഴിയും.
- Revised SP Rules പ്രകാരം സാങ്കേതിക അംഗീകാരവും Purchase Committee യുടെ അംഗീകാരവും വാങ്ങിയിട്ട് മാത്രമേ പർച്ചേയ്സ് നടത്താവൂ. സാങ്കേതിക സമിതിയുടെയും മൂന്നംഗ പർച്ചേയ്സ് കമ്മിറ്റിയുടെയും യോഗ തീരുമാനത്തിന്റെ മിനിട്സും അനിവാര്യമാണ്. സാമ്പിൾ ആവശ്യമുള്ളവയ്ക്ക് അക്കാര്യം ടെൻഡറിൽ / ക്വട്ടേഷനിൽ തന്നെ വ്യക്തമായി രേഖപ്പെടുത്തണം
- ബാധ്യത വരുത്തിയാൽ ആയത് ഒഴിവാക്കാൻ ധനകാര്യവകുപ്പിന് മാത്രമാണ് കഴിയുക. ആയതിനാൽ ബാധ്യത വരുത്താതെ നോക്കേണ്ടതാണ്. ആയതിന് നിയമാനുസൃതമായി മാത്രം തുകകൾ വിനിയോഗിക്കാൻ ശ്രദ്ധിക്കണം.

- അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ടുകളിലെ മറുപടികൾ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ വ്യക്തമായ ശുപാർശ സഹിതം മാത്രമേ അയയ്ക്കാവൂ. ആഭ്യന്തര ഓഡിറ്റിനും ശുപാർശകൾ അനിവാര്യമാണ്.
- ഹാജർ പുസ്തകം, ക്യാഷ് ബുക്ക് തുടങ്ങിയ എല്ലാ രേഖകളും, ക്യാഷ് ചെസ്റ്റും പരിശോധിക്കാൻ ഓഡിറ്റ് സംഘത്തിന് അധികാരമുള്ളതിനാൽ എല്ലാ ലേ സെക്രട്ടറി & ട്രഷറർമാരും അവരവരുടെ സ്ഥാപനത്തിൽ ഓഡിറ്റിന് വരുമ്പോൾ പ്രസ്തുത രേഖകൾ എല്ലാം ഓഡിറ്റിന് സമർപ്പിക്കാൻ ബാധ്യസ്ഥരാണ്.
- എച്ച്.എം.സി യോഗങ്ങളിൽ പങ്കെടുക്കാതെ ലേ സെക്രട്ടറി & ട്രഷറർമാർ മാറി നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ പ്രവണത അവസാനിപ്പിക്കേണ്ടതാണ്. എച്ച്.എം.സി യോഗങ്ങളുടെ അജണ്ട, മിനിട്സ് എന്നിവ തയ്യാറാക്കുന്നതിനാൽ ലേ സെക്രട്ടറി & ട്രഷറർമാർ ശ്രദ്ധ പതിപ്പിക്കണം. കണക്കുകൾ കൃത്യമായി എച്ച്.എം.സി - യിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിരിക്കണം.
- അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ടിലെ ഏഴ് വർഷം മുമ്പ് വരെയുള്ളവ ജില്ലാ മെഡിക്കൽ ഓഫീസമാരുടെ വ്യക്തമായ ശുപാർശയും രേഖകളും ഉണ്ടെങ്കിൽ ഡി.എച്ച്.എസ് - ന് തീർപ്പാക്കാൻ കഴിയും. ആയതിനാൽ അതനുസരിച്ച് തുടർനടപടികൾ ലേ സെക്രട്ടറി & ട്രഷറർമാർ പ്രത്യേക ശ്രദ്ധ നൽകി നടപ്പിലാക്കണം.
- കഴിഞ്ഞ എ.എം.സി - യിലെ തീരുമാനപ്രകാരം നിശ്ചയിച്ച അദാലത്തുകൾ സംസ്ഥാനത്ത് ഉണ്ടായ പ്രളയം കാരണം നടത്താൻ കഴിഞ്ഞില്ല. പുതുക്കിയ തീയതികൾ അടുത്ത എ.എം.സി - യിൽ തീരുമാനിക്കുന്നതായിരിക്കും.
- മറുപടികൾക്ക് സഹായകരമായി സമർപ്പിക്കുന്ന രേഖകളുടെ പകർപ്പ് സാക്ഷ്യപ്പെടുത്തിയിരിക്കണം.

ഓരോ സ്ഥാപനങ്ങളിലെയും നിലവിലുള്ള ഓഡിറ്റ് ഫയലുകളെ സംബന്ധിച്ച പട്ടിക അദ്ദേഹം യോഗത്തിൽ ആവതരിപ്പിക്കുകയും ഓരോ സ്ഥാപനത്തിലെയും ലേ സെക്രട്ടറി&ട്രഷറർമാർ ആയതിനെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണെന്നും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവ് അവഗണിച്ച് യോഗത്തിൽ പങ്കെടുക്കാത്ത ലേ സെക്രട്ടറിമാരിൽ നിന്ന് വിശദീകരണം ആവശ്യപ്പെടുമെന്നും അറിയിച്ചു.

തുടർന്ന് അവിടെ യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥർ സംസാരിച്ചു.

**<u>ശ്രീ.പത്മകുമാർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജില്ലാ മെഡിക്കൽ ആഫീസ്, എറണാകുളം</u>**

പുതിയ പദ്ധതികൾ വരുമ്പോൾ പല രീതിയിൽ വ്യാഖ്യാനിച്ച് പല രീതിയിൽ നടപ്പിലാക്കുന്ന പ്രവണത കാണുന്നു. ആയതിനാൽ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ നടപ്പിലാക്കുന്നതിന് മുമ്പ് തന്നെ മിനിസ്റ്റീരിയൽ വിഭാഗം ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും ബോധവൽക്കരണവും നടത്തിപ്പിന്റെ വിശദമായ വിവരണവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകേണ്ടതാണ്. പ്രസ്തുത വിവരം ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് സീനിയർ ഫിനാൻസ് ഓഫീസറോട് അഭ്യർത്ഥിക്കുന്നു.

03514

അക്കൗണ്ടന്റ് ജനറലിന്റെ Consolidated Inspection Report കളിൽ ജില്ലകളിൽ 50 - ൽ പരം സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ ഒന്നായിട്ടാണ് നൽകുന്നത്. ആയതിനാൽ മറുപടി ശേഖരിച്ച് ശരിയായ follow up നടത്താൻ ബുദ്ധിമുട്ടായതിനാൽ പ്രസ്തുത കാര്യം അക്കൗണ്ടന്റ് ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് അഭിപ്രായപ്പെടുന്നു.

**ഡോ.ശ്രീദേവി, അഡീഷണൽ ഡി.എം.ഒ, ജില്ലാ മെഡിക്കൽ ആഫീസ്, എറണാകുളം**

ഈ യോഗം നല്ലൊരു തുടക്കമാണ്. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിച്ചാൽ ബാധ്യത ഒന്നും വരില്ല.

തുടർന്ന് ഓരോ ജില്ലയിലെ ഓഡിറ്റ് വിഭാഗം സീനിയർ സൂപ്രണ്ടുമാരും ലേ സെക്രട്ടറി & ട്രഷറർമാരും അവരവരുടെ സ്ഥാപനങ്ങളിൽ ഇനി തീർപ്പാക്കാനായി നിലനിൽക്കുന്ന ഓഡിറ്റ് ഫയലുകളിൽ സ്വീകരിച്ച നടപടികളെക്കുറിച്ചും, ആയവ തീർപ്പാക്കുന്നതിനായി ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ചും റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസ്തുത വേളയിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. **സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, തിരുവനന്തപുരം**

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ ഓഡിറ്റ് ഫയൽ അദാലത്ത് നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം

2. **സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, കൊല്ലം**

ചെറിയ തുകകൾ (രൂപ 50 വരെ) ബാധ്യതകളായുള്ള പഴക്കം ചെന്ന ഓഡിറ്റ് ഫയലുകളിൽ തുടർനടപടികൾ അവസാനിപ്പിക്കാൻ ഉത്തരവ് നൽകണം. ഓഡിറ്റ് ഡയറിയും, ഓഡിറ്റ് കലണ്ടറും പുറത്തിറക്കാൻ നടപടികൾ കൈകൊള്ളണം. വിരമിച്ച ഉദ്യോഗസ്ഥരുടെ സേവനം ഇതിനായി വിനിയോഗിക്കാവുന്നതാണ്. 2000 ന് മുമ്പുള്ള ഓഡിറ്റ് ഫയലുകൾ പ്രത്യേക ശ്രദ്ധ നൽകി തീർപ്പാക്കാൻ ഡി.എച്ച്.എസ് തലത്തിൽ പ്രത്യേകം നടപടികൾ ഉണ്ടാകണം. ഈ യോഗം വളരെ ഗുണകരമാണെന്നും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവ് പാലിക്കാതെ യോഗത്തിൽ നിന്നും വിട്ടുനിന്ന ലേ സെക്രട്ടറി & ട്രഷറർമാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ തയ്യാറാകണം.

3. **സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, എറണാകുളം**

ധനകാര്യവകുപ്പിന്റെ പ്രതിനിധികളെ കൂടെ ഉൾപ്പെടുത്തി അദാലത്ത് നടത്തുന്നതിന്റെ ആവശ്യകതയുണ്ടെങ്കിൽ അതിനെ കുറിച്ച് ആലോചിക്കണം. ഓഡിറ്റ് കലണ്ടർ / ഡയറി എന്ന നിർദ്ദേശം നല്ലതാണെന്നതിനാൽ സദുദ്ദേശ്യത്തോടെ സമീപിക്കേണ്ടതാണ്.

4. **ലേ സെക്രട്ടറി & ട്രഷറർ, ഫോർട്ട് ഹോസ്പിറ്റൽ, തിരുവനന്തപുരം**

ഓഡിറ്റ് സമയത്ത് ആശുപത്രി സൂപ്രണ്ടും ലേ സെക്രട്ടറിമാരും ആ സ്ഥാപനത്തിൽ തന്നെ ഹാജരുണ്ടായിരുന്നാൽ ഓഡിറ്റിനിടയ്ക്ക് ഉയരുന്ന സംശയങ്ങൾക്ക് അപ്പപ്പോൾ തന്നെ മറുപടി നൽകാനും തടസ്സവാദങ്ങൾ ഒഴിവാക്കാനും

603516

GOVERNMENT OF KERALA 2017-18

കഴിയും. ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരുടെ " Delegation of Powers " പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ ഡി.എച്ച്.എസ് തലത്തിൽ തുടങ്ങേണ്ടതാണ്.

5. **സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസ്, കൊല്ലം**

എച്ച്.എം.സി - യിൽ നടത്തുന്ന രക്ത പരിശോധന തുടങ്ങി എല്ലാത്തിനും വിവിധ ആശുപത്രികളിൽ വിവിധ നിരക്കാണെന്നും ആയത് ഏകീകരിക്കുന്നതിനുള്ള നടപടികൾ ഡി.എച്ച്.എസ് തലത്തിൽ സ്വീകരിക്കണം. ഉഴവൂർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഇതുവരെയും ഡി.എച്ച്.എസ് ഓഡിറ്റ് നടത്തിയിട്ടില്ലാത്തതിനാൽ അടിയന്തിരമായി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ കൈകൊളളണം.

6.**സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, ഇടുക്കി**

ലേ സെക്രട്ടറിമാരോ മറ്റ് മേൽനോട്ട ഉദ്യോഗസ്ഥരോ ഇല്ലാത്ത ധാരാളം താലൂക്ക് ആശുപത്രികളുണ്ട്. ഓഡിറ്റ് തടസ്സവാദങ്ങൾ ആയതിനാൽ കൂടുതലായി കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ എല്ലാ താലൂക്ക് ആശുപത്രികളിൽ ലേ സെക്രട്ടറി. & ട്രഷറർ ഉൾപ്പെടെയുള്ള സൂപ്പർവൈസറി പോസ്റ്റുകൾ സൃഷ്ടിക്കാൻ നടപടികൾ കൈകൊളളണം.

7. **ലേ സെക്രട്ടറി & ട്രഷറർ, ജില്ലാ ആശുപത്രി, തൊടുപുഴ**

GEM (Government e market place) വഴി പർച്ചേസ് ചെയ്യുമ്പോൾ പല സാങ്കേതിക താടസ്സങ്ങളും നേരിടുന്നു. എസ്റ്റിമേറ്റുകൾ കിട്ടാനായി വളരെ ബുദ്ധിമുട്ടാണ്.

**യോഗത്തിൽ കൈകൊണ്ട തീരുമാനങ്ങൾ**

1.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യ സ്ഥാപനങ്ങളുടെ വൈദ്യുതി, വെള്ളം, ടെലിഫോൺ മുതലായ അനുവദനീയമായ എല്ലാ ചെലവുകളും അതാത് തദ്ദേശസ്ഥാപനങ്ങളാണ് വഹിക്കേണ്ടത്. ആയതിനാൽ തുക നേടിയെടുക്കാൻ ലേ സെക്രട്ടറി & ട്രഷറർമാർ സൂപ്രണ്ടുമാരോടൊപ്പം ചേർന്ന് പ്രവർത്തിക്കണം. എച്ച്.എം.സി - യിൽ നിന്ന് മുൻകൂറായി എടുക്കേണ്ടി വരുകയാണെങ്കിൽ രണ്ട് മാസത്തിനകം തന്നെ തിരികെ വാങ്ങി എച്ച്.എം.സി അക്കൗണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

2. മധ്യനിര മേൽനോട്ടത്തിൽ ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം

3.എസ്.പി റൂൾസ് അനുസരിച്ച് മാത്രമേ നിർമ്മാണ - വാങ്ങൽ പ്രക്രിയകൾ നടത്താവൂ

4.ഫയൽ സംവിധാനത്തിലൂടെ മാത്രമേ തുകകൾ വിനിയോഗിക്കാൻ പാടുള്ളൂ. നടപടികൾ സുതാര്യമായിരിക്കണം

5.എല്ലാ ലേ സെക്രട്ടറി & ട്രഷറർമാരും അവരവരുടെ സ്ഥാപനങ്ങളിലെ എച്ച്.എം.സി യോഗങ്ങളിൽ തീർച്ചയായും പങ്കെടുക്കണം.

6.കോട്ടയം ജില്ലയിലെ ഉഴവൂർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അടുത്ത ഓഡിറ്റ് പരിപാടിയിൽ ഉൾപ്പെടുത്തി ഡി.എച്ച്.എസ് - ന്റെ ഓഡിറ്റ് നടത്താൻ തീരുമാനിച്ചു.

7.Delegation of Powers പുതുക്കി നിശ്ചയിക്കുന്നതിനുള്ള തുടർ നടപടികൾ കൈകൊള്ളാൻ തീരുമാനിച്ചു. (അടുത്ത എ.എം.സി - യുടെ അഭിപ്രായം കേട്ട ശേഷം)

8.എച്ച്.എം.സി-യിൽ വിവിധ പരിശോധനകൾക്കായി ഈടാക്കുന്ന തുകകൾ ഏകീകരിക്കുന്നതിന് അടുത്ത എ.എം.സി - യിലെ അഭിപ്രായം കൂടെ പരിഗണിച്ച് മാത്രം തുടർനടപടി കൈകൊള്ളേണ്ടതാണ്.

9.ലേ സെക്രട്ടറിമാർ ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള തുടർനടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

10.ഇത്രയും സുപ്രധാനമായ യോഗത്തിൽ പങ്കെടുക്കാതെ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവ് അനുസരിക്കാത്ത താഴെ പറയുന്ന ലേ സെക്രട്ടറി & ട്രഷറർമാരിൽ നിന്നും വിശദീകരണം വാങ്ങാനും ആയതിന്മേൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ വ്യക്തമായ അഭിപ്രായം സഹിതം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കാനും നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 1. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തൈക്കാട്, തിരുവനന്തപുരം | - | ശ്രീ.ജോണി ജോൺ |
| 2.ജനറൽ ആശുപത്രി, തിരുവനന്തപുരം | - | ശ്രീ.ജെയിംസ് മാത്യു |
| 3.ഗവൺമെന്റ് വിക്ടോറിയ ആശുപത്രി | - | മേരി സുധ |
| 4.താലൂക്ക് ആസ്ഥാന ആശുപത്രി, കൊട്ടാരക്കര, കൊല്ലം | - | അനിതകുമാരി.എസ് |
| 5. താലൂക്ക് ആശുപത്രി, കരുനാഗപ്പള്ളി, കൊല്ലം | - | കെ.ബി.ശ്രീകുമാർ |

എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിലെ ഹെഡ് ക്ലാർക്കായ ശ്രീമതി.ബിന്ദു.എസ് നന്ദി പ്രകാശിപ്പിച്ചു.

യോഗം വൈകിട്ട് 3.45 ന് അവസാനിച്ചു.

**ബിമൽലാൽ.റ്റി.എസ്**
**സീനിയർ ഫിനാൻസ് ആഫീസർ**

3523

GOVERNMENT OF KERALA 2017-18